പത്രക്കുറിപ്പ്
22-01-2018

## കുടുംബശ്രീയുമായി കൈകോർത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി

തിരുവനന്തപുരം: കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (എൻഐഎഫ്ടി) കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി തുടങ്ങി. വസ്ത്ര നിർമ്മാണ, ഡിസൈൻ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ അംഗങ്ങൾക്ക് അവരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായാണ് പരിശീലനം. കണ്ണൂരിലുള്ള എൻഐഎഫ്ടി ക്യാമ്പസിൽ റെസിഡൻഷ്യൽ രീതിയിൽ നൽകുന്ന ഈ പരിശീലനത്തിന് മൂന്ന് ഘട്ടങ്ങളാണുള്ളത്. ജനുവരി പത്ത് മുതൽ 12 വരെയായിരുന്നു ആദ്യ ഘട്ടം. രണ്ടാം ഘട്ട പരിശീലനം ഈ മാസം 29 മുതൽ 31 വരെയും മൂന്നാം ഘട്ടം ഫെബ്രുവരി ആറ് മുതൽ ഒമ്പത് വരെയുമാണ്.

സംസ്ഥാനത്തൊട്ടാകെ വസ്ത്ര നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതകളിൽ നിന്നും തെരഞ്ഞെടുത്ത 30 പേരാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. എൻഐഎഫ്ടി കണ്ണൂർ ക്യാമ്പസിലെ രണ്ട് അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. പുതിയ ഡിസൈനുകൾ, സ്ക്രീൻ പ്രിന്റിങ്, സീക്വൻസ് വർക്ക്, തയ്യൽ മെഷീൻ പരിപാലനം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകുന്നു. 2017 ഫെബ്രുവരിയിലും സമാന പരിശീലനം എൻഐഎഫ്ടി കുടുംബശ്രീ വനിതകൾക്ക് നൽകിയിരുന്നു.

1986ൽ സ്ഥാപിതമായ എൻഐഎഫ്ടിക്ക് രാജ്യത്താകെ 16 ക്യാമ്പസുകളാണുള്ളത്. ന്യൂഡൽഹിയാണ് ആസ്ഥാനം. ബാംഗ്ലൂർ, ഭോപ്പാൽ, ഭുവനേശ്വർ, ചെന്നൈ, ഗാന്ധിനഗർ, ഹൈദരാബാദ്, ജോധ്പുർ, കൻഗ്ര, കോൽക്കത്ത, മുംബൈ, പാട്ന, റായ്ബറേലി, ഷില്ലോങ്, ശ്രീനഗർ എന്നിവിടങ്ങളിലാണ് മറ്റ് ക്യാമ്പസുകൾ. ഡിസൈൻ, മാനേജ്മെന്റ്, ടെക്നോളജി എന്നിവയിൽ വൈവിധ്യമാർന്ന കോഴ്സുകൾ എൻഐഎഫ്ടിയിലുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ